അധികാരിക്ക് അന്വേഷണത്തിനായി അയച്ചിരിക്കയാണ്. അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമായിട്ടില്ല.

ലോ ഫ്ളോർ ബസ് സർവ്വീസ്

316 (318) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൊച്ചി, തിരുവനന്തപുരം നഗരങ്ങളിൽ യാത്രാക്ലേശം പരിഹരിക്കാൻ ഏർപ്പെടുത്തിയ ലോ ഫ്ലോർ ബസ് കോഴിക്കോട് ജില്ലയിലും നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ ;

(ബി) ജില്ലയിൽ ലോ ഫ്ലോർ ബസ് ആരംഭിക്കുമ്പോൾ എലത്തൂരിൽനിന്ന് കോഴിക്കോട് എയർപോർട്ടിലേയ്ക്കും സർവ്വകലാശാലയിലേയ്ക്കും ബാലുശ്ശേരി-കോഴിക്കോട് റൂട്ടിലേയ്ക്കും സർവ്വീസ് നടത്താനുള്ള നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ജൻറം ഒന്നാംഘട്ട പദ്ധതി പ്രകാരം ലഭിച്ച ലോ ഫ്ളോർ ബസ്സുകൾ തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ സർവ്വീസ് നടത്തുന്നതിനായാണ് ലഭ്യമാക്കിയിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം പ്രസ്തുത ബസുകൾ തിരുവനന്തപുരം, എറണാകുളം ജില്ലകൾക്കുള്ളിൽ സർവ്വീസ് നടത്താൻ മാത്രമാണ് നിർദ്ദേശിച്ചിരിക്കുന്നത്. പ്രസ്തുത ലോ ഫ്ളോർ ബസ്സുകൾ കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

(ബി) ജൻറം രണ്ടാം ഘട്ടപദ്ധതി പ്രകാരം 400 ബസ്സുകൾ ലഭ്യമാക്കുമ്പോൾ കോഴിക്കോട് ജില്ലക്കും ബസ്സുകൾ അനുവദിക്കുന്നുണ്ട്. ഈ ബസ്സുകൾ ലഭ്യമാക്കുമ്പോൾ എലത്തൂരിൽനിന്ന് കോഴിക്കോട് എയർപോർട്ടിലേക്കും സർവ്വകലാശാലയിലേക്കും ബാലുശ്ശേരി-കോഴിക്കോട് റൂട്ടിലേക്കും സർവ്വീസ് നടത്തുവാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കാവുന്നതാണ്.

കെ.എസ്.ആർ.ടി.സി.യിലെ പാസഞ്ചർ ഇതര വാഹനങ്ങൾ

317 (319) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിൽ എത്ര പാസഞ്ചർ ഇതര വാഹനങ്ങളുണ്ട് ; അവ എവിടെയൊക്കെ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയ്ക്ക് 1-1-2014 മുതൽ ഉപയോഗിച്ചിട്ടുള്ള ഇന്ധനത്തിന്റെ പ്രതിമാസ കണക്ക് കെ.എസ്.ആർ.ടി.സി. ഭവനിലേയ്ക്കുൾപ്പെടെ വ്യക്തമാക്കുമോ ;

(സി) കെ.എസ്.ആർ.ടി.സി.യിൽ പാസഞ്ചർ ഇതര വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് ഗാമ്പളത്തിന് പുറമേ എന്തൊക്കെ അധിക ആനുകൂല്യങ്ങളാണ് നൽകി വരുന്നത് ; വിശദമാക്കുമോ ;

(ഡി) ഈ വാഹന ഡ്രൈവർമാരെ നിയമിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്താണ് ;

(ഇ) ഡ്യൂട്ടി സമയത്തിന്റെ കാര്യത്തിൽ നിലവിലുള്ള മാനദണ്ഡമെന്താണ് ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.യിൽ വാൻ, ലോറി, ടാങ്കർ ട്രക്ക്, സ്റ്റാഫ് കാറുകൾ എന്നീ വിഭാഗത്തിൽ 178 പാസഞ്ചർ ഇതര വാഹനങ്ങൾ ഉണ്ട്. ഡിപ്പോ തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 1-1-2014 മുതൽ 31-10-2014 വരെ 3,85,885 ലിറ്റർ ഇന്ധനം ഉപയോഗിച്ചിട്ടുണ്ട്. മാസം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

Month	Total HSD used
Jan-14	40056
Feb-14	33959
Mar-14	34624
Apr-14	30960
May-14	35676
Jun-14	38378
Jul-14	39142
Aug-14	38177
Sep-14	46244
Oct-14	48669
TOTAL	385885

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പാസഞ്ചർ ഇതര വാഹനങ്ങളിൽ ടാങ്കർ ട്രക്ക് എന്നിവ ഓടിക്കുന്ന ഡ്രൈവർമാർക്ക് നിലവിലുള്ള അധികബത്തകൾ കൂടാതെ ചേർക്കുന്നു: സ്പെഷ്യൽ അലവൻസ് - 100 രൂപ, കിലോ മീറ്റർ അലവൻസ് - 27 പൈസ/കി.മീ. നൈറ്റ് അലവൻസ് ആദ്യത്തെ നാലു മണിക്കൂറിന് 25 രൂപയും അടുത്ത നാലു മണിക്കൂറിന് 60 രൂപയും 16 മണിക്കൂർ കഴിഞ്ഞ് അധികമായി വരുന്ന ഓരോ മണിക്കൂറിനും 43.75 രൂപ.

(ഡി) മോട്ടോർ വാഹന നിയമത്തിലെ റൂൾ 8 അനുസരിച്ച് കെ.എസ്.ആർ.ടി.സി.യിലെ ഡ്രൈവർമാർക്ക് നിർദ്ദേശിച്ചിരിക്കുന്ന യോഗ്യതയ്ക്ക് പുറമേ റൂൾ 9 അനുസരിച്ച് അപകട സാദ്ധ്യതയുള്ള സാധനങ്ങൾ വഹിക്കുന്ന ടാങ്കർ ട്രക്ക് ഓടിക്കുന്നതിനുള്ള യോഗ്യതകൾ ഉണ്ടായിരിക്കണം. 45 വയസ്സിനു താഴെ പ്രായമുള്ളവരായിക്കേണ്ടതും 240 ഡ്യൂട്ടി തികഞ്ഞ സമിരം കെ.എസ്.ആർ.ടി.സി. ജീവനക്കാരനായിരിക്കേണ്ടതുമാണ്. അപകട സാധ്യതയുള്ള സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങൾ ഓടിക്കുന്നതിന് സർക്കാർ അംഗീകാരമുള്ള പരിശീലന സ്ഥാപനത്തിൽനിന്നും 3 ദിവസത്തെ പരിശീലനം വിജയകരമായി പൂർത്തീകരിച്ചു എന്നതിന്റെ സാക്ഷ്യപത്രം ഉണ്ടായിരിക്കണം.

(ഇ) എട്ടു മണിക്കൂർ ഡ്യൂട്ടിക്കിടയിൽ 6 1/2 മണിക്കൂർ സ്റ്റിയറിംഗ് ഡ്യൂട്ടി എന്നതാണ്. സ്റ്റാഫ് കാർ ഓടിക്കുന്ന ഡ്രൈവർമാർക്ക് ഒരു കലണ്ടർ ദിനത്തിൽ രണ്ട് ഡ്യൂട്ടി മാത്രമേ ലഭിക്കുകയുള്ളൂ.

കെ.എസ്.ആർ.ടി.സി. പുറത്തിറക്കിയ പുതിയ ബസുകൾ

318 (320) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ ബസുകളാണ് കെ.എസ്.ആർ.ടി.സി. പുറത്തിറക്കിയത് ; വർഷം തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ഏതെല്ലാം ഡിപ്പോകൾക്കാണ് പുതുതായി ബസുകൾ നൽകിയത് ; ഡിപ്പോ, ബസുകളുടെ എണ്ണം, തീയതി എന്നിവ തിരിച്ച കണക്കുകൾ നൽകാമോ ;

(സി) കാസർഗോഡ്, കാഞ്ഞങ്ങാട് ഡിപ്പോകളിലേക്ക് ഈ കാലയളവിൽ മറ്റ് ഡിപ്പോകളിൽനിന്നും എത്ര പഴയ ബസുകൾ നൽകിയെന്ന് ഡിപ്പോ, എണ്ണം, കാലപ്പഴക്കം എന്നിവ തിരിച്ച കണക്കുകൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly